**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2416** | **21-01-2021 - ൽ മറുപടിയ്ക്ക്**

**ചകിരി പിരിക്കുന്ന മൊബൈൽ യന്ത്ര യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോർജ് എം .തോമസ് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | നാളികേര കൃഷിയിടങ്ങളിലെത്തി ചകിരി പിരിക്കുന്ന മൊബൈൽ യന്ത്ര യൂണിറ്റ് പഞ്ചായത്തിന് ഒന്ന് എന്ന കണക്കിന് നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) | എ) മൊബൈൽ ചകിരി നിർമ്മാണ യൂണിറ്റുകൾ ചകിരി ഉല്പാദനത്തിന് പ്രായോഗികമല്ല. നിലവിൽ 8000 മുതൽ 80000 തൊണ്ട് വരെ 8 മണിക്കൂറിൽ ചകിരി ആക്കാൻ കഴിയുന്ന 113 ഡി.എഫ് മില്ലുകൾ കയർ രണ്ടാം പുന:സംഘടനാ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ വലിയതോതിലുള്ള പ്രോത്സാഹനം നൽകിവരുന്നു. ഡി.എഫ് മില്ലുകളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന ചകിരി മുഴുവൻ കയർഫെഡ് സംഭരിച്ച് കേരളത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് നൽകിവരുന്നു. കയർ സഹകരണ സംഘങ്ങൾ കോക്കനട്ട് പ്രൊഡ്യൂസിംഗ് കമ്പനികൾ സഹകരണ ബാങ്കുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് 90% സബ്സിഡിയിലും, സ്വകാര്യ സംരംഭകർക്ക് 50% സബ്സിഡിയിലും പരമാവധി 35 ലക്ഷം രൂപാവരെയും ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിന് സർക്കാർ ഉത്തരവ് നിലവിലുണ്ട്. ചകിരി ഉല്പാദിപ്പിക്കുന്നതിന് 8000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന 20 എച്ച്പി ഡി.എഫ് മില്ലുകളും 15000 തൊണ്ടിന് മുകളിൽ ചികിരിയാക്കാൻ കഴിയുന്ന ഹെവി ഡ്യൂട്ടി ഡി.എഫ് മില്ലുകളുമാണ് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലി. നിർമ്മിച്ചുവരുന്നത്. |
| (ബി) | ആയതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | (എ) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ